പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1906 26-10-2026-ൽ മറുപടിയ്ക്ക്

ഇ-ട്രഷറി സംവിധാനം ഉൾപ്പെടെയുള്ള ഡിജിറ്റൽ പണമിടപാട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. നീലകണ്ഠൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കെട്ടിട ഉടമകളിൽനിന്ന് ഈടാക്കുന്ന കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി സെസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് അനുബന്ധ ഫീസുകൾ എന്നിവ നിലവിൽ ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന മാത്രമേ സ്വീകരിക്കുന്നുള്ളൂ എന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ ബിൽഡിംഗ് സെസ്സിനത്തിലുള്ള തുകകൾ ഡിമാന്റ് ഡ്രാഫ്റ്റായും , ചെക്കായും ഓൺലൈൻ മുഖേനയും സ്വീകരിച്ചുവരുന്നുണ്ട്. ടി വിഷയം സംബന്ധിച്ച് നിലവിൽ പൊതുജനങ്ങളിൽ നിന്നും പരാതികൾ ഒന്നും തന്നെ ബോർഡിൽ ലഭ്യമായിട്ടില്ല.

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നികുതികളും ഫീസുകളും വിവിധ ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങളിലൂടെ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ, കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലും സമാനമായ മറ്റ് ക്ഷേമനിധി ബോർഡുകളിലും ഇ-ട്രഷറി സംവിധാനം ഉൾപ്പെടെ ഡിജിറ്റൽ പണമിടപാട് വഴി പേയ്മെന്റുകൾ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിന് ധനകാര്യവകുപ്പ് നിർദ്ദേശം നൽകുമോ;വ്യക്തമാക്കാമോ?

മറുപടി: ജി.ഒ.(പി) നം.310/2014/ഫിൻ തീയതി 30/07/2014 പ്രകാരമാണ് സംസ്ഥാനത്തിൽ ഇ-ട്രഷറി സംവിധാനം നിലവിൽ വന്നത്. തുടർന്ന് ജി.ഒ.(പി) നം. 89/2015/ഫിൻ തീയതി 19/02/2015, ജി.ഒ.(പി) നം.69/2016/ഫിൻ തീയതി 10/05/2016, ജി.ഒ.(പി) നം. 122/2016/ഫിൻ തീയതി 25/08/2016, ജി.ഒ.(പി) നം.12/2017/ഫിൻ തീയതി 31/01/2017, ജി.ഒ.(പി) നം. 20/2017/ഫിൻ തീയതി 09/02/2017, ജി.ഒ.(പി) നം.117/2017/ഫിൻ തീയതി 30/08/2017, സർക്കുലർ നം.107/2018/ ഫിൻ തീയതി 21/11/2018, സർക്കുലർ നം.40/2024/ഫിൻ തീയതി 28/06/2024 എന്നീ സർക്കാർ ഉത്തരവുകൾ/പരിപത്രങ്ങൾ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-ട്രഷറി സംവിധാനത്തിൽ ബജറ്റ് ശീർഷകം/STSB അക്കൗണ്ടിൽ ഓൺലൈനായി വിവിധ പേയ്മെന്റ് മോഡുകൾ മുഖേന പണം സ്വീകരിക്കാൻ നിലവിൽ സാധ്യമാണ്. ആകയാൽ കെട്ടിട തൊഴിലാളി ക്ഷേമനിധി ബോർഡിനും മറ്റ് സമാന ബോർഡുകൾക്കും ഇതിലേയ്ക്കായി പ്രത്യേക നിർദ്ദേശം ആവശ്യമില്ല.

സെക്ഷൻ ഓഫീസർ